ഇന്നു പകൽ മുഴുവൻ
കരുണയോടെന്നെ സൂക്ഷിച്ചവനേ!
നന്ദിയോടെ തിരുനാമത്തിന്നു
സദാ വന്ദനം ചെയ്തീടുന്നേൻ

1. അന്നവസ്ത്രാദികളും
സുഖം ബലമെന്നിവകൾ സമസ്തം
തന്നടിയാനെ നിത്യം
പോറ്റിടുന്ന ഉന്നതൻ നീ പരനേ
ഇന്നു

2. മന്നിടം തന്നിലിന്നും
പലജനം ഖിന്നരായ്മേവിടുമ്പോൾ
നിന്നടിയാനു സുഖം
തന്ന കൃപ വന്ദനീയം പരനേ-
ഇന്നു

3. തെറ്റു കുറ്റങ്ങളെന്നിൽ
വന്നതളവറ്റ നിന്റെ കൃപയാൽ
മുറ്റും ക്ഷമിക്കെണമേ
അടിയനെ ഉറ്റുസ്നേഹിപ്പവനേ-
ഇന്നു

4. എൻ കരുണേശനുടെ
ബലമെഴും തങ്കനാമമെനിക്കു
സങ്കേതപട്ടണമാം
അതിലഹം ശങ്കയെന്യേ വസിക്കും
ഇന്നു

5. വല്ലഭൻ നീയുറങ്ങാതെ
നിന്നെന്നെ നല്ലപോൽ കാത്തീടുമ്പോൾ
ഇല്ല രിപുഗണങ്ങൾക്ക-
ധികാരമില്ലൽ പെടുത്തിടുവാൻ
ഇന്നു

6. ശാന്തതയോടു കർത്താ തിരു
മുമ്പിൽ ചന്തമായിന്നുറങ്ങി
സന്തോഷമോടുണരേണം
ഞാൻ തിരുകാന്തി ക ുല്ലസിപ്പാൻ ഇന്നു

Innu pakal muzhuvan
Karunayodenne sookshichavane
Nanniyode thiru namathinu
Sada vanndanam chaithidunnen

1. Anna vasthradikalum
Sukham belamennivakal samastham
Thannadiyane nithyam
Pottidunna unnathan nee parane
Innu

2. Mannidam thannilinnum
Pala janam khinnarayi mevidumpol
Ninnadiyanu sukham
Thanna krupa vannaniyam parane
Innu

3. Thettu kuttangal ennil
Vannathalavatta ninte krupayal
Muttum kshamikkename
Adiyane uttu snehippavane
Innu

4. En Karunesanude
Belamezhum thanga namamenikku
Sanketha pattanamam
Athilaham sankayenniye vasikkum.
Innu

5. Vallabhan neeyurangathe
Ninnenne nallapol kathidumpol
Illa ripu ganangalkk
Adhikaram allalpeduthiduvan
Innu

6. Santhathayodu Kartha thiru
Mumpil chanthamayinnurangi
Santhoshamodunarenam
Njan thiru kanthi kandullasippan
Innu